# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1836 15/07/2016-ൽ മറുപടിക്ക്

## അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണം നിരീക്ഷണത്തിനായി സ്ഥലം എം.പി, എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അട്ടപ്പാടി പ്രദേശത്തെ മൂന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവരടങ്ങുന്ന 9 അംഗ സമിതി രൂപീകരിക്കുകയും ടി സമിതി പ്രതിമാസ അവലോകനം നടത്തുകയും ചെയ്തു വരുന്നുണ്ട്. |
| ബി) | ആദിവാസി ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | ബി) | 2011 - 12 സാമ്പത്തികവർഷം മുതൽ 2015 - 16 സാമ്പത്തികവർഷം വരെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2829 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി ആകെ 30,11,89,774/- (മുപ്പത് കോടി പതിനൊന്ന് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| സി) | ആദിവാസികളെ സ്വയംപര്യാപ്തരാക്കുവാൻ വേണ്ടി കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികൾ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ; | സി) | അട്ടപ്പാടിയിൽ തെങ്ങ്, അടയ്ക്കാ, കശുവണ്ടി, മാതളം സപ്പോട്ട, മാങ്ങ, കാപ്പി, കുരുമുളക്, വാഴപ്പഴം, ഇഞ്ചി, മഞ്ഞൾ, ഏലം. ജാതിക്കാ എന്നീ കൃഷിക്കായി കൃഷി വകുപ്പിന്റെ സഹകരണത്തോടെ ആകെ 8,42,79,325/- രൂപ (എട്ടുകോടി നാല്പത്തിരണ്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പ്രത്യേക പാക്കേജ് തൃപ്തികരമായി നടപ്പിലാക്കിയോ; വിശദാംശങ്ങൾ നൽകുമോ? | ഡി | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ